പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

## നാലാമത് റിപ്പോർട്ട്

(2018 മാർച്ച് 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[മറുനാടൻ മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

# (2016-2019)

## നാലാമത് റിപ്പോർട്ട്

(2018 മാർച്ച് 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[മറുനാടൻ മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട്]**

596/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

<u>അംഗങ്ങൾ :</u>

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ആന്റണി ജോൺ

ശ്രീ. അൻവർ സാദത്ത്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. എം. രാജഗോപാലൻ

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി ജി. സുധ കുമാരി, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാംകുമാർ എസ്. പി., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിൽ തൊഴിൽ ചെയ്യുന്ന മറുനാടൻ മലയാളികളുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി സമിതി 2017 സെപ്റ്റംബർ മാസം 17 മുതൽ 22 വരെ ബംഗളൂരു, ഹൈദരാബാദ്, മുംബൈ, ഡൽഹി എന്നിവിടങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലെ പ്രവാസി മലയാളികൾ, അവരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയും അവരുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. മറുനാടൻ മലയാളികളുടെ വിവിധ ആവശ്യങ്ങളെ സംബന്ധിച്ചും, ആയത് പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും സമിതിയുടെ നിർദ്ദേശങ്ങളും, ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2018 മാർച്ച് മാസം 6-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 മാർച്ച് 6.

## റിപ്പോർട്ട്

ഭാരതത്തിന്റെ ഇതര സംസ്ഥാനങ്ങളിൽ തൊഴിൽ ചെയ്ത് അവിടെ ജീവിതം നയിക്കുന്ന മറുനാടൻ മലയാളികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി 2017 സെപ്റ്റംബർ 17 മുതൽ 22 വരെ മലയാളികൾ ധാരാളമായി പാർത്തു വരുന്ന ബംഗളൂരു, ഹൈദരാബാദ്, മുംബൈ, ഡൽഹി എന്നീ സ്ഥലങ്ങളിൽ സന്ദർശനം നടത്തുകയും മറുനാടൻ മലയാളികളുമായും അവരുടെ സംഘടനാ പ്രതിനിധികളുമായും ആശയവിനിമയം നടത്തുകയുമുണ്ടായി. അഞ്ചു ദിവസങ്ങളിലായി നടന്ന സന്ദർശനത്തിലൂടെ മറുനാടൻ മലയാളി ജീവിതത്തിന്റെ നേർചിത്രം സമിതിക്കു ദർശിക്കാനായി. ഏതാണ്ടെല്ലാ നഗരങ്ങളിലും മുഖ്യധാരയിലല്ലാതെ, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ആരോരുമറിയാതെ ദുരിത ജീവിതം നയിക്കുന്ന പാർശ്വ വല്ക്കരിക്കപ്പെട്ട വലിയൊരു മലയാളി ജനവിഭാഗമുണ്ടെന്ന വസ്തുത സമിതിക്കു ബോധ്യപ്പെട്ടു. അസോസിയേഷനുകളും കൂട്ടായ്മകളുമെല്ലാം ഇവർക്കന്യമാണ്. ജീവിത ദുരിതം പേറി നാൾകഴിക്കുന്ന ഇവരുടെ ശോചനീയാവസ്ഥയ്ക്ക് കുറെയെങ്കിലും പരിഹാരമേകിയെങ്കിലേ കേരള സർക്കാരിന്റെ പ്രവാസി ക്ഷേമ പദ്ധതികൾ സാർത്ഥകമാവുകയുള്ളൂ എന്ന് സമിതി തിരിച്ചറിയുന്നു. സമിതിയുടെ സന്ദർശന ത്തിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിരീക്ഷണങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ ആദ്യയോഗം കർണ്ണാടകത്തിലെ ബംഗളൂരുവിലായിരുന്നു. പത്തു ലക്ഷത്തോളം മലയാളികൾ അവിടെയുണ്ടെന്നാണ് കരുതുന്നത്. ഏകദേശം നൂറ്റി അമ്പതോളം മലയാളി സംഘടനകൾ പ്രവർത്തിക്കുന്നു. വ്യത്യസ്ത സാമൂഹ്യ സാമ്പത്തിക ചുറ്റുപാടിലുള്ള നിരവധി വ്യക്തികളും സംഘടനാ ഭാരവാഹികളും തങ്ങളുടെ അനുഭവങ്ങൾ സമിതിയുമായി പങ്കുവെച്ചു. യാത്രാദുരിതം, സർക്കാർ സേവനങ്ങൾ ലഭ്യമാകാത്തത്, വസ്തുകയ്യേറ്റം, യാത്രക്കാരെ കൊള്ളയടിക്കൽ തുടങ്ങി നിരവധി പ്രതിസന്ധികൾ അവർ അഭിമുഖീകരിക്കുന്നതായി അറിയിക്കുകയുണ്ടായി. പ്രവാസി ക്ഷേമനിധി പെൻഷൻ രണ്ടായിരം രൂപയായി വർദ്ധിപ്പിച്ച സർക്കാർ നടപടിയെ പ്രകീർത്തിച്ച അവർ നിരവധി ആവശ്യങ്ങൾ സാധിച്ചു കിട്ടാൻ സമിതിയുടെ ഇടപെടൽ അഭ്യർത്ഥിക്കുകയുണ്ടായി.

പൊതുവെ ബംഗളൂരുവിൽ നിന്നും കേരളത്തിലേക്കുള്ള യാത്രകൾ ദുരിത പൂർണ്ണമാണ്. വയനാട്ടു വഴിയുള്ള രാത്രിയാത്രാ നിരോധനം, കെ.എസ്. ആർ. ടി.സി. സർവ്വീസുകളുടെ കാര്യക്ഷമതയില്ലായ്മ, സീസൺ അനുസരിച്ച് സ്വകാര്യ ബസ്സുകൾ നടത്തുന്ന അമിത ചാർജ്ജുവർദ്ധന എന്നീ അവസ്ഥകൾ നിലനില്ക്കുമ്പോൾ

യാത്രാദുരിതത്തിനാക്കം കൂട്ടിക്കൊണ്ട് കേരളത്തിൽ നിന്നുള്ള തീവണ്ടികൾ ബംഗളൂരു വിലെത്താതെ ബാനസവാടിയിൽ സർവ്വീസ് അവസാനിപ്പിക്കണമെന്ന റെയിൽവേ തീരുമാനം ഉണ്ടായിരിക്കുന്നു. ഈയവസരത്തിൽ കർണ്ണാടക-കേരള കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ കൂടുതലായി ആരംഭിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത സമിതിക്കു ബോധ്യമാകുന്നു.

മറുനാടുകളിൽ മരണമടയുന്ന ആളുകളുടെ മൃതദേഹം നാട്ടിലെത്തിക്കുകയെന്നത് മറ്റെല്ലാ സ്ഥലത്തുമെന്നതു പോലെ ബംഗളൂരുവിലെയും പ്രശ്നമാണ്. കുടുംബം ഒപ്പമുണ്ടെങ്കിലും ഇല്ലെങ്കിലും ഒരംഗത്തിന്റെ മരണം കുടുംബത്തിലേല്പിക്കുന്ന ആഘാതം വളരെ വലുതാണ്. ഇത്തരം സന്ദർഭങ്ങളിൽ മുന്നിൽ നിന്നു പ്രവർത്തിക്കാൻ അവർക്കാകില്ല. മൃതദേഹം നാട്ടിലെത്തിക്കാൻ ശ്രമം നടത്തുന്നത് സംഘടനകളോ അടുത്തുള്ളവരോ ആയിരിക്കും. കാര്യമായ സാമ്പത്തിക ശേഷിയില്ലാത്ത ഇവർ കടം വാങ്ങിയും പിരിവെടുത്തും മറ്റുമാണ് ഇതിനായി പണം കണ്ടെത്തുന്നത്. കാരുണ്യപദ്ധതി വഴി ഇതിനായി സഹായം നല്കുന്നുവെങ്കിലും സാങ്കേതിക തടസ്സങ്ങളും ചട്ടങ്ങളിലെ ചില നിബന്ധനകളും ഇതു ലഭിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കുന്നു. മറുനാടൻ മലയാളികൾ നേരിടുന്ന ഈ പ്രധാന പ്രശ്നം കൂടുതൽ ഗൗരവതരമായും മാനുഷിക പരിഗണനയോടെയും പുനഃപരിശോധിക്കേണ്ടതാണ്. ഇതിനായുള്ള തുകയിൽ വർദ്ധന വരുത്തുകയും, സ്ഥിരം ഫണ്ടുണ്ടാക്കുകയും അവിടത്തെ നോർക്ക ഓഫീസർക്കുതന്നെ വ്യക്തമായ രേഖകളോടെ തുക തത്സമയം അനുവദിക്കാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതിന്റെയും ആവശ്യകത സമിതി ഊന്നിപ്പറയുന്നു.

ബംഗളൂരുവിലെ മറുനാടൻ മലയാളികൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് സാംസ്കാരികമായ ഒറ്റപ്പെടൽ. മലയാളം മിഷന്റെ പ്രവർത്തനം സമീപകാലത്തായി ചലനാത്മകമാണെങ്കിലും ബംഗളൂരുവിലെ മലയാളികളുടെ സാംസ്കാരികവും ഭാഷാപരവുമായ മുന്നേറ്റത്തിന് ഇതപര്യാപ്തമാണ്. ആവശ്യത്തിനു പുസ്തകങ്ങൾ ലഭിക്കാത്തതും, ഓഫീസ് സംവിധാനത്തിന്റെ പോരായ്മയും മലയാളം മിഷന്റെ പ്രവർത്തന മുന്നേറ്റത്തിന് വിഘാതമായി നില്ക്കുന്നു.

ഇവിടത്തെ മലയാളികളുടെ ചിരകാല സ്വപ്നമാണ് ഒരു കേരള ഭവൻ. നോർക്കയുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതും നാട്ടിൽ നിന്നെത്തുന്നവർക്ക് ഒരു അഭയ കേന്ദ്രമായി വർത്തിക്കുന്നതുമായ സ്ഥാപനമായിരിക്കണം ഇതെന്നും, കോൾ സെന്ററോടു കൂടിയ ഈ സ്ഥാപനം ഇവിടത്തെ മലയാളികളും നാടുമായിട്ടുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിച്ചാൽ അതേറെ ഗുണകരമായിരിക്കുമെന്നും ചർച്ചയിൽ പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെടുകയുണ്ടായി. നൂറിലധികം സംഘടനകളുണ്ടെങ്കിലും കുറച്ചു സംഘടനകൾ മാത്രമാണ് നോർക്കയിൽ അംഗങ്ങളായിട്ടുള്ളത്.

ബംഗളൂരുവിൽ കേരള ഭവൻ/കേരള ഹൗസ് ആരംഭിക്കണമെന്ന ആവശ്യം തികച്ചും ന്യായയുക്തവും അടിയന്തരവുമാണെന്ന് സമിതി വിലയിരുത്തുന്നു. കർണാടകയിലെ നോർക്കയുടെയും മലയാളം മിഷന്റെയും പ്രവർത്തനങ്ങൾക്ക് ഇവിടെ നേതൃത്വം നല്കാവുന്നതാണ്.

മലയാളികളുടെ ഭൂമി തട്ടിയെടുക്കാനുള്ള സംഘടിതമായ ശ്രമങ്ങൾ നടക്കുന്നതായും മലയാളി വിദ്യാർത്ഥികൾ പല തരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്നതായും സമിതിക്കു മുന്നിൽ വെളിപ്പെട്ട വസ്തുതകളാണ്. ബംഗളൂരുവിലും പ്രാന്തപ്രദേശങ്ങളിലും കർണ്ണാടക സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലുമായി ലക്ഷക്കണക്കിനാളുകൾ താമസിക്കുന്നുണ്ടെങ്കിലും അവർ എത്ര പേരുണ്ടെന്നോ അവരെ സംബന്ധിച്ച മറ്റു വസ്തുതകളോ കൃത്യമായി അറിയില്ല എന്നതാണ് യാഥാർത്ഥ്യം. ഇവരെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ എടുക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു.

തെലുങ്കാനയിലെ ഹൈദരാബാദിലെത്തിയ സമിതി അവിടത്തെ മലയാളികളും മലയാളി സംഘടനകളുമായി നടത്തിയ സംവാദത്തിലും ഇതേ പ്രശ്നങ്ങൾ തന്നെയാണുയർന്നുവന്നത്. കേരള സർക്കാരിന്റെ പ്രവാസിക്ഷേമ പദ്ധതികളെക്കുറിച്ചും ക്ഷേമനിധി സംവിധാനത്തെക്കുറിച്ചും പരിമിതമായ അറിവുകൾ മാത്രമാണവർക്കുള്ളതെന്നും പ്രസ്തുത പദ്ധതിയുടെ പ്രയോജനങ്ങൾ അവർക്ക് കാര്യമായി ലഭ്യമായിട്ടില്ലെന്നും സമിതിക്കു ബോധ്യപ്പെടുകയുണ്ടായി. നോർക്കയിൽ അംഗത്വമെടുത്ത പലർക്കും അംഗത്വം പുതുക്കാൻ കഴിയാത്ത സ്ഥിതിയും അംഗത്വമെടുക്കാനുള്ള സൗകര്യക്കുറവും യോഗത്തിൽ പലരും ചൂണ്ടിക്കാട്ടി. നോർക്കയുടെ ഒരു പ്രതിനിധി അവിടെയുണ്ടെങ്കിലും സംഘടനകൾക്കോ വ്യക്തികൾക്കോ പ്രയോജനകരമായ ഒന്നും നടക്കുന്നില്ല എന്നാണ് സമിതിക്കു മനസ്സിലാക്കാനായത്. നോർക്കയുടെ ഒരു സ്ഥിരം പ്രതിനിധി ഹൈദരാബാദിൽ ഉണ്ടായിരിക്കേണ്ടത് വളരെ അത്യാവശ്യമായ ഒന്നാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

ഹൈദരാബാദിൽ നിന്നും കേരളത്തിലേക്ക് ശബരി എക്സ്പ്രസ് എന്ന ഒരേയൊരു തീവണ്ടിയേയുള്ളൂ എന്നതിനാൽ ഏറെ യാത്രാക്ലേശം അനുഭവപ്പെടുന്നു. ഒരു തീവണ്ടി കൂടി ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം തികച്ചും ന്യായമാണെന്ന് സമിതി കരുതുന്നു. സ്വകാര്യബസുകൾ കേരളത്തിലേക്ക് യാത്രാസൗകര്യമൊരുക്കുന്നുണ്ടെങ്കിലും പലപ്പോഴും വൻ തുകയാണ് ഈടാക്കുന്നത്. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഇവിടേക്ക് സർവ്വീസ് നടത്തുന്നില്ല. തെലുങ്കാന സർക്കാരുമായി ധാരണയുണ്ടാക്കി ഹൈദരാബാദിലേക്ക് കേരളത്തിൽ നിന്നും സർവ്വീസ് നടത്തുന്നതിനും ശബരിമല സീസണിൽ പ്രത്യേകമായ സർവ്വീസ് നടത്തുന്നതിനും സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്. ശബരിമല സീസണിൽ ആന്ധ്ര, തെലുങ്കാന എന്നിവിടങ്ങളിൽ നിന്ന് വൻതോതിൽ തീർത്ഥാടകരുണ്ടാകുന്നതിനാൽ കുറ്റമറ്റ ബസ്സ് സർവ്വീസ് നടത്തുന്നത് കെ. എസ്. ആർ. ടി. സി. ക്ക് ഏറെ ഗുണകരമാകുമെന്നതിൽ സംശയമില്ല.

ഹൈദരാബാദ്, സെക്കന്തരാബാദ്, രങ്കറെഡ്ഡി ജില്ല എന്നിവിടങ്ങളിൽ ഏകദേശം അഞ്ചു ലക്ഷത്തോളം കേരളീയരുണ്ടെന്ന കണക്കാക്കുന്നു. എന്നാൽ പരസ്പരബന്ധമോ സംഘടനാ ബന്ധങ്ങളോ ഇല്ലാതെ കഴിയുന്ന വലിയൊരു മലയാളി ജനസമൂഹമുള്ളതിനാൽ ഇവരെ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. പ്രവാസ ജീവിതാനന്തരം ജന്മനാട്ടിൽ തിരിച്ചെത്തുമ്പോഴും നിരവധി പ്രശ്നങ്ങൾ ഇവരെ പിന്തുടരുന്നു എന്നതു വസ്തുതയാണ്. തിരിച്ചറിയൽ കാർഡില്ലാത്തതിനാൽ കേരളത്തിൽ ഭൂമി വാങ്ങാൻ പോലും കഴിയാത്ത സാഹചര്യം നിലനില്ക്കുന്നതായി പലരും പരാതിപ്പെടുകയുണ്ടായി. നോർക്ക നല്കുന്ന തിരിച്ചറിയൽ കാർഡ് ആധികാരികവും ഔദ്യോഗിക രേഖയുമായിരിക്കേണ്ടതാണെന്ന വസ്തുത സമിതി അംഗീകരിക്കുന്നു.

മലയാളി എന്ന പേരിൽ ഒത്തുകൂടി ആ ഭാഷയുടെ ശക്തിയിൽ കൂട്ടായ്മ സൃഷ്ടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെങ്കിലും ഇത് വേണ്ടത്ര ഊർജ്ജസ്വലമാക്കാൻ കഴിയുന്നില്ല എന്നത് ഒരു വസ്തുതയാണ്. കേരളത്തിൽപോലും മാതൃഭാഷ അന്യം നിന്നു പോകുന്ന തരത്തിലുള്ള പ്രവണതകൾ ഉണ്ടെങ്കിലും അതിനെ തിരിച്ചുകൊണ്ടുവരാനുള്ള ഒരു ശ്രമം നടക്കുന്നുണ്ട്. കേരളത്തിനു പുറത്ത് നമ്മുടെ ഭാഷയെയും സംസ്കാരത്തെയും പരിപോഷിപ്പിക്കാനും വരുംതലമുറയിലേക്ക് പകർന്നു നല്കാനുമുള്ള സംരംഭം ശക്തമാക്കേണ്ടതുണ്ട്. മലയാളം മിഷന്റെ പ്രവർത്തനം ആരംഭിക്കാനായെങ്കിലും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതി വിശേഷം നിലനില്ക്കുന്നുണ്ട്. മലയാള ഭാഷയുടെ പുരോഗതിക്കു വേണ്ടി പ്രത്യേക ഫണ്ട് രൂപീകരിച്ച് അദ്ധ്യാപകരെ തെരഞ്ഞെടുത്ത് പരിശീലനം നല്കി ആവശ്യത്തിനു പുസ്തകങ്ങൾ ലഭ്യമാക്കി ഓഫീസ് സംവിധാനത്തോടെ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതിന്റെ പ്രാധാന്യം സമിതിക്കു വ്യക്തമാവുകയുണ്ടായി.

സമിതി തുടർന്ന് മുംബൈ കേരള ഹൗസിലാണ് യോഗം ചേർന്നത്. മുംബൈ മലയാളികളുടെയും സംഘടനാ പ്രതിനിധികളുടെയും അഭിപ്രായങ്ങളും ആവശ്യങ്ങളും പൊതുവെ മുൻ ചർച്ചകൾക്കു സമാനമായിരുന്നു. പ്രവാസി പെൻഷൻ തുക വർദ്ധിപ്പിച്ചതും ലോക കേരള സഭ രൂപീകരിക്കാനുള്ള തീരുമാനവും അഭിനന്ദനീയമാണെന്ന് അഭിപ്രായപ്പെട്ട മുംബൈ മലയാളികൾ നോർക്കയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കണമെന്നും അംഗത്വത്തിനും തിരിച്ചറിയൽ കാർഡിനുമുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്നും അഭ്യർത്ഥിച്ചു. നോർക്കയുടെ ഉദ്യോഗസ്ഥർ തുടരെ തുടരെ മാറുന്നത് അതിന്റെ ശരിയായ പ്രവർത്തനത്തിനു തടസ്സമാകുന്നുവെന്നും അതിനാൽതന്നെ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെതട്ടിലെത്തുന്നില്ല എന്നുമുള്ള പരാതി നിലനില്ക്കുന്നു.

യാത്രാക്ലേശം തന്നെയാണ് മുംബൈ മലയാളികളുടെയും പ്രധാന പ്രശ്നം. കേരള സംസ്കാരത്തിന്റെ മഹനീയത വെളിവാക്കുന്ന ഒരു പൈതൃക ഗ്രാമം (Heritage Village) മുംബൈയിൽ ആരംഭിക്കണമെന്നും നമ്മുടെ സംസ്കാരത്തിന്റെയും കലയുടെയും കരകൗശല പാടവത്തിന്റെയും നേർക്കാഴ്ചകളുടെ സംഗമസ്ഥാനമായിരിക്കണമിതെന്നുമുള്ള അഭിപ്രായങ്ങൾ ഉയർന്നുവന്നു.

കേരള ഹൗസിന്റെ മുകൾനില ചോർന്നൊലിക്കുന്ന സ്ഥിതി സമിതി നേരിട്ടു കാണുകയുണ്ടായി. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കേരള ഹൗസ് കേന്ദ്രീകരിച്ചാണു നടന്നിരുന്നതെങ്കിലും ഈയിടെ അവരെ കേരള ഹൗസിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. കേരള ഹൗസിന്റെ അറ്റകുറ്റപ്പണികൾ ഉടൻ നടത്തുക, മലയാളം മിഷനു പ്രവർത്തിക്കാൻ സാഹചര്യമൊരുക്കുക, ടാറ്റാ ആശുപത്രിയിൽ ചികിത്സക്കെത്തുന്ന മലയാളികൾക്ക് താമസസൗകര്യം ലഭിക്കുന്നതു വരെ കേരള ഹൗസിൽ താമസത്തിനനുമതി നല്കുക, മലയാളി സംഘടനകൾക്ക് കുറഞ്ഞ വാടകയ്ക്ക് കേരള ഹൗസിലെ ഹാൾ നല്കുക എന്നീ ആവശ്യങ്ങൾ മലയാളികളിൽ നിന്നുണ്ടായി. മറ്റു നഗരങ്ങളിലെന്ന പോലെ മുംബൈയുടെ പ്രാന്തപ്രദേശങ്ങളിൽ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന പതിനായിരക്കണക്കിനാളുകൾ ഉണ്ടെങ്കിലും അവരെക്കുറിച്ച് മറുനാടൻ മലയാളി പൊതു സമൂഹത്തിനു പോലും വ്യക്തമായ ധാരണയില്ലെന്നത് യാഥാർത്ഥ്യമാണ്. സംസ്ഥാനത്തു നടപ്പാക്കി വരുന്ന ഇ.എം.എസ്. ഭവന പദ്ധതി പോലുള്ള സംരംഭങ്ങളിൽ മറുനാടൻ മലയാളികളെയും ഉൾപ്പെടുത്തേണ്ടതാണെന്ന അഭിപ്രായം യോഗത്തിൽ ഉയർന്നുവന്നു.

ഏകദേശം 10 ലക്ഷത്തോളം ആളുകൾ താമസിക്കുന്നതായി കരുതുന്ന ഡൽഹിയിലായിരുന്നു സമിതി അടുത്തതായി സമ്മേളിച്ചത്. ഡൽഹി നഗരത്തിൽ താമസിക്കുന്നവരിലെ കുറച്ചു പേർ മാത്രമാണ് നല്ല നിലയിൽ കഴിയുന്നതെന്നും മറ്റു മേഖലകളിലെ പ്രത്യേകിച്ചും അസംഘടിത മേഖലയിലെ ജനങ്ങളുടെ ജീവിത സാഹചര്യം ഏറെ ശോചനീയമാണെന്നും സമിതിക്കു ബോദ്ധ്യപ്പെടുകയുണ്ടായി. വികാസ്പൂർ, ജയ്പൂർ, ചണ്ഡിഗഢ്, ലുധിയാന തുടങ്ങി പല പ്രദേശങ്ങളിലും ധാരാളം മലയാളികൾ താമസിക്കുന്നുണ്ടെങ്കിലും ഇവിടെയൊന്നും നോർക്ക ഓഫീസോ മറ്റു സംവിധാനങ്ങളോ ഇല്ലാത്തതിനാൽ തന്നെ സംസ്ഥാന സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് അവർ അജ്ഞരാണ്. ഏതെങ്കിലും രീതിയിലുള്ള തിരിച്ചറിയൽ കാർഡോ മേൽവിലാസരേഖയോ പോലുമില്ലാതെയാണ് ഇവരിൽ പലരും ജീവിച്ചു പോരുന്നത്.

കേരളഹൗസ് മലയാളി സംഘടനകളുടെ യോഗത്തിനും മറ്റു സാംസ്കാരിക പരിപാടികൾക്കുമായി ലഭ്യമാക്കിയിരുന്നുവെങ്കിലും ഈയിടെ അതിനുള്ള വാടക വൻതോതിൽ വർദ്ധിപ്പിക്കുകയുണ്ടായി. ആയത് കുറവു ചെയ്യണമെന്ന് ഡൽഹി മലയാളികൾ ഒറ്റക്കെട്ടായി ആവശ്യപ്പെടുകയുണ്ടായി. കേരളത്തിനു പുറത്ത് നോർക്കയ്ക്ക് ഏറ്റവും ഉയർന്ന സംവിധാനമുള്ളത് ഡൽഹിയിലാണെങ്കിലും ആകസ്മികമായുണ്ടാകുന്ന മരണമോ അപകടമോ നേരിടാൻ നോർക്കയ്ക്ക് കഴിയുന്നില്ല. മരണമുണ്ടാകുമ്പോൾ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ശ്രമമാണോ രേഖയുണ്ടാക്കലാണോ ചെയ്യുകയെന്ന സംശയം നിലനില്ക്കുന്ന അവസ്ഥയാണിപ്പോൾ. കാരുണ്യപദ്ധതി പ്രകാരം മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സഹായമുണ്ടെങ്കിലും പ്രസ്തുത തുക വർദ്ധിപ്പിക്കേണ്ടതും ആയത്

അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതും അടിയന്തര പ്രാധാന്യമുള്ള സംഗതിയായി സമിതി വിലയിരുത്തുന്നു. നൂറുകണക്കിനു സംഘടനകളുള്ള സാഹചര്യത്തിൽ അവയെ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ പ്രവർത്തന സജ്ജമാക്കാൻ നോർക്കയ്ക്കു കഴിഞ്ഞാൽ മറുനാടൻ മലയാളികൾക്കിടയിൽ വൻമാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു. ഇത്തരം സമിതിക്ക് പ്രവാസി മലയാളികളെയും കേരള സർക്കാരിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കാൻ കഴിയുമെന്നത് ഗുണകരമായ വസ്തുതയാണ്.

മറുനാടുകളിൽ നിയമിക്കപ്പെടുന്ന നോർക്ക ഉദ്യോഗസ്ഥർ തിരികെ നാട്ടിലെത്താനുള്ള ശ്രമങ്ങളിൽ വ്യാപൃതരാകുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുന്നു. ആയതിനാൽ മറുനാടുകളിലേക്കുള്ള നിയമനത്തിൽ കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്. കെ. എ. എസ്. വരുന്നതോടെ ഉന്നത നിയമനങ്ങൾ അതിന്റെ വരുതിയിലായാൽ പ്രശ്നങ്ങൾ കുറയുമെന്നു പ്രതീക്ഷിക്കാം. അതുവരെ സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളിൽ നിന്നും താല്പര്യമുള്ളവർക്ക് അവസരം ലഭിക്കുന്ന രീതിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥ സ്വീകരിക്കേണ്ടതാണ്. കൂടാതെ താല്ക്കാലിക നിയമനങ്ങൾ നടത്തുകയാണെങ്കിൽ അതതു പ്രദേശത്തെ മറുനാടൻ മലയാളികളിൽ നിന്നു തന്നെയായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യണമെന്നുമാണ് സമിതിയുടെ കാഴ്ചപ്പാട്.

ഡൽഹിയിൽ കെ.എസ്.എഫ്.ഇ.യുടെ ശാഖ ആരംഭിക്കണമെന്ന് ഡൽഹി മലയാളികൾ കാലങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അതോടൊപ്പം പ്രവാസി ബാങ്കോ, കേരള ബാങ്കോ യാഥാർത്ഥ്യമായാൽ അവയുടെ ശാഖ കൂടി ആരംഭിച്ചാൽ അതേറെ പ്രയോജനകരമായിരിക്കും. കെ.എസ്.ആർ.ടി.സി. സർവ്വീസ് ഡൽഹിയിലേക്ക തുടങ്ങണമെന്നും മലയാളികൾ ആവശ്യപ്പെടുന്നു.

ഡൽഹിയിലെ മലയാളികളെ സംബന്ധിച്ച് പ്രത്യേകിച്ച് വിദ്യാർത്ഥികളെ സംബന്ധിച്ചുണ്ടായിരുന്ന അഭിമാനകരമായ കാഴ്ചപ്പാടുകൾക്ക് ഈയിടെ മാറ്റം വന്നുകൊണ്ടിരിക്കുന്ന അപകടകരമായ സ്ഥിതി വിശേഷം സംജാതമായിക്കൊണ്ടിരിക്കുകയാണ്. മതേതര മൂല്യങ്ങളെ മുറുകെപ്പിടിച്ച് വർഗ്ഗീയ വിദ്വേഷങ്ങൾക്കെതിരെ നില്ക്കുന്നതിനാലാകാം, കേരളം ഒരു കലാപ പ്രദേശമാണെന്ന ഉത്തരേന്ത്യൻ വർഗ്ഗീയ ജനവിഭാഗത്തിന്റെ ബോധപൂർവ്വമായ പ്രചാരവേലകൾ മൂലം മലയാളികളോടും മലയാളി വിദ്യാർത്ഥികളോടും ദൈവത്തിന്റെ സ്വന്തം നാട്ടിൽ നിന്നെത്തിയവർ എന്ന നിലയിൽ ഹൃദ്യമായ വരവേല്പ നല്കിയിരുന്നവരിൽ നിന്ന് ഇപ്പോൾ സംശയത്തോടെയുള്ള സമീപനമാണുണ്ടാകുന്നത്. തീർത്തും അപകടകരമായ ഈ സ്ഥിതി വിശേഷം സംജാതമാകുന്നതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു.

## സമിതിയുടെ നിരീക്ഷണങ്ങളും ശിപാർശകളും

1. കർണ്ണാടകയിലെ ബംഗളൂരുവിൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി എത്തിച്ചേരുന്ന മലയാളികൾക്ക് സഹായ കേന്ദ്രവും കോൾസെന്ററും ഉൾക്കൊള്ളുന്ന കേരള ഹൗസ് ആരംഭിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു

2. ബംഗളൂരുവിൽ നോർക്കയുടെ കീഴിൽ ഒരു വനിതാ ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3. ബംഗളൂരുവിൽ നിന്ന് കേരളത്തിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് കാര്യക്ഷമമാക്കാനും, സ്കാനിയ, വോൾവോ തുടങ്ങിയ ഹൈടെക് സർവ്വീസുകൾ വിപുലപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കാൻ സമിതി ഗതാഗത വകുപ്പിനോടാവശ്യപ്പെടുന്നു.

4. കേരളത്തിൽ നിന്നും ഹൈദരാബാദിലേക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് കാര്യക്ഷമമായി നടത്താനുള്ള നടപടി കൈക്കൊള്ളുവാൻ സമിതി കെ. എസ്. ആർ.ടി. സി.-യോടും ഗതാഗത വകുപ്പിനോടും ശിപാർശ ചെയ്യുന്നു.

5. കേരളത്തിൽ നിന്നുള്ള തീവണ്ടികൾ ബാനസവാടി വരെയാക്കി ചുരുക്കാനുള്ള ശ്രമം ഒഴിവാക്കാനും കേരളത്തിൽ നിന്നും ഹൈദരാബാദ്, മുംബൈ, ബംഗളൂരു, ഡൽഹി എന്നിവിടങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ തുടങ്ങാനും കേന്ദ്രസർക്കാരിനോടഭ്യർത്ഥിക്കാൻ സമിതി സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യുന്നു.

6. ഡൽഹി, മുംബൈ, ബംഗളൂരു, ഹൈദരാബാദ്, ചെന്നൈ തുടങ്ങി മലയാളികൾ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖകൾ തുടങ്ങുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ഹൈദരാബാദിൽ നോർക്കയുടെ സ്ഥിരം ഉദ്യോഗസ്ഥനെ അടിയന്തരമായി നിയമിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

8. ചെന്നൈ, കൊൽക്കത്ത, പൂന, ഔറംഗബാദ്, ജയ്പൂർ തുടങ്ങി മലയാളികൾ കൂടുതൽ അധിവസിക്കുന്ന എല്ലാ മഹാനഗരങ്ങളിലും നോർക്കയുടെ ഓഫീസ് ആരംഭിക്കണമെന്നും അവയുടെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ സ്റ്റാഫിനെ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. മുംബൈ കേരള ഹൗസിന്റെ മുകൾനിലയിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടി ഉടൻ ആരംഭിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

10. ഡൽഹി, മുംബൈ കേരള ഹൗസിലെ ഹാളുകൾ മലയാളി സംഘടനകളുടെ സാംസ്കാരിക പരിപാടികൾക്ക് വാടകയിൽ ഇളവനുവദിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. മുംബൈ, ഡൽഹി കേരള ഹൗസുകളിൽ മലയാളം മിഷന് സ്വന്തം ആസ്ഥാനമുണ്ടാകുന്നതുവരെ പ്രവർത്തിക്കാൻ അവസരം നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12. മറുനാട്ടുകളിൽ നിയമിക്കപ്പെടുന്ന നോർക്ക ഉദ്യോഗസ്ഥർ അവിടങ്ങളിൽ ജോലി ചെയ്യാൻ വിമുഖത കാണിക്കുകയും നാട്ടിലേക്ക് തിരിച്ചു വരുവാനുള്ള നടപടികളുമായി കഴിയുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനം തടസ്സപ്പെടുന്നു. ഇതിനു പരിഹാരമായി നോർക്കയിലേക്കുള്ള നിയമനങ്ങൾ സെക്രട്ടേറിയറ്റ് തസ്തികകൾക്കു മാത്രമായി ചുരുക്കാതെ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിൽ നിന്നുമുള്ള ഉദ്യോഗസ്ഥരിൽ നിന്നും അന്യത്ര സേവനത്തിനു അപേക്ഷ ക്ഷണിച്ച് താല്പര്യമുള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. മറുനാട്ടുകളിലെ നോർക്ക ഓഫീസുകളിലേക്ക് താല്കാലിക നിയമനം നടത്തുകയാണെങ്കിൽ അത് മറുനാടൻ മലയാളികളിൽ നിന്നാവണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. കാരുണ്യപദ്ധതി പ്രകാരം മൃതദേഹം കൊണ്ടുപോകുന്നതിനുള്ള ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കേണ്ടതിന്റെയും നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതിന്റെയും ആവശ്യകത സമിതി ഊന്നിപ്പറയുന്നു. മൃതദേഹം നാട്ടിലെത്തിക്കുവാൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന സംഘടനകൾക്കോ അല്ലെങ്കിൽ അവർ നിർദ്ദേശിക്കുന്ന അനന്തരാവകാശികൾക്കോ ധനസഹായം നൽകേണ്ടതാണ്. ഇതിനായി ഒരു സ്ഥിരം ഫണ്ടുണ്ടാക്കുകയും അവിടത്തെ നോർക്ക ഓഫീസർക്കുതന്നെ വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ മലയാളി സംഘടനകൾ വഴി, മൃതദേഹം കൊണ്ടുപോകുന്നതിനായി തുക ഭാഗികമായോ മുഴുവനായോ അനുവദിക്കാനുള്ള അനുമതി നല്കുന്ന രീതിയിൽ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ബംഗളൂരു, മുംബൈ എന്നിവിടങ്ങളിൽ കേരളത്തിന്റെ സാംസ്കാരികത്തനിമയും പൈതൃകവും വിളിച്ചോതുന്ന 'കേരള ഗ്രാമം' ആരംഭിക്കുന്ന കാര്യം പരിശോധിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

16. മലയാളികൾ ധാരാളമായി താമസിക്കുന്ന പ്രദേശങ്ങളിൽ നോർക്കയുടെ

ഓഫീസ് തുറക്കുകയും മലയാളി സംഘടനാ പ്രതിനിധികളെയും പ്രമുഖ വ്യക്തികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത സമിതി മറുനാടൻ മലയാളികളെ കേരളവുമായി കോർത്തിണക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കാൻ സാധിക്കുന്ന രീതിയിൽ രൂപപ്പെടുത്തേണ്ടതാണ്.

17. കേരള സർക്കാരും പ്രവാസി കേരളീയ കാര്യ വകുപ്പും നടപ്പാക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് മറുനാടുകളിലെ എല്ലാ മലയാളികൾക്കും അറിവു നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. നോർക്ക റൂട്ട്സിന്റെയും ക്ഷേമനിധി ബോർഡിന്റെയും പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ച് വിവരിക്കുന്ന ബ്രോഷറുകളും ലഘുലേഖകളും മറുനാടുകളിലെ മലയാളികൾക്കെത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ഇന്ത്യയുടെ പല നഗരങ്ങളിലും ലക്ഷക്കണക്കിന് മലയാളികൾ താമസിക്കുന്നുവെങ്കിലും ഓരോ നഗരത്തിലും എത്രപേരുണ്ടെന്നോ അവരെ സംബന്ധിച്ച വിവരങ്ങളോ ആർക്കുമറിവില്ലാത്ത സ്ഥിതിയാണു നിലവിലുള്ളത്. അതിനാൽ മലയാളി സംഘടനകളുടെ സഹായത്തോടെ എല്ലാ നഗരങ്ങളിലെയും മുഴുവൻ മലയാളികളുടെയും സ്ഥിതി വിവരകണക്കുകളെ ടുക്കാനുള്ള സംവിധാനമൊരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ആവശ്യത്തിനു പുസ്തകങ്ങൾ ലഭ്യമാക്കിയും, അദ്ധ്യാപകർക്കു പരിശീലനം നല്കിയും ഓഫീസും മറ്റ് അടിസ്ഥാന സൗകര്യങ്ങളൊരുക്കിയും മലയാളം മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ഇന്ത്യയിലെ, ഒരു പക്ഷേ ലോകത്തിലെ തന്നെ, ആദ്യ പ്രവാസി ക്ഷേമനിധി ബോർഡായിരിക്കാം കേരളത്തിലേത്. ഗൗരവതരമായ ചില നടപടികളിലൂടെ ഇതു ലോകത്തിലെ മികച്ച ക്ഷേമനിധി ബോർഡാക്കി മാറ്റാൻ സാധിക്കും. ഫണ്ടു സ്വരൂപണമാണ് ഇതിന്റെ പ്രധാന വെല്ലുവിളി. ആയതിനാൽ വർഷത്തിൽ ഒന്നോ രണ്ടോ തവണ കേരള സർക്കാരിന്റെ കീഴിൽ പ്രവാസി ലോട്ടറി നടത്തി അതിന്റെ വിഹിതം പ്രവാസി ക്ഷേമനിധിയിലേക്ക് നൽകിയും വിമാനയാത്രികരിൽ നിന്നും നാമമാത്ര തുക ഈടാക്കിയും പ്രവാസി കേരളീയ ക്ഷേമ ബോർഡിലേക്ക് ഫണ്ട് സ്വരൂപിക്കാനുള്ള നടപടി ആരംഭിക്കുന്ന കാര്യം സഗൗരവം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരളീയ സമൂഹത്തിന്റെ സാമ്പത്തിക, സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലുണ്ടായ വൻമുന്നേറ്റത്തിനു ശക്തമായ പിൻബലമേകിയ പ്രവാസി സമൂഹത്തിന്റെ പ്രത്യേകിച്ചും ഭാരതത്തിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന മറുനാടൻ മലയാളികളുടെ ജീവിതത്തിനാശ്വാസമേകുന്ന നടപടികളാണ് സമിതി ശിപാർശ ചെയ്യുന്നത്. സംസ്ഥാന സർക്കാരിന് പൂർണ്ണമായും നിർവ്വഹിക്കാനാകുന്ന പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിൽ സർക്കാർ ഭാഗത്തു നിന്നും അനുകൂലമായ നടപടികൾ സമിതി പ്രതീക്ഷിക്കുന്നു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 മാർച്ച് 6.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.